ഉത്തരം

(എ) ഉണ്ട്. ഭൂമി കൃഷി വകുപ്പിൽ നിന്ന് ജില്ലാമിഷൻ ഏറ്റെടുത്തിട്ടുണ്ട്. പ്രാരംഭ സർവ്വേയും പ്ലോട്ട് തിരിക്കലും നടന്നുവരുന്നു.

(ബി) ആലക്കോട് എസ്റ്റേറ്റിൽ നിന്ന് 1020.11 ഏക്കർ ഭൂമി ആദിവാസികൾക്ക് വിതരണം നടത്തുന്നതിന് വിട്ടുനൽകികൊണ്ട് സ. ഉ. (എംഎസ്.) 187/03/ആർ. ഡി. തീയതി 10-6-2003 പ്രകാരം ഉത്തരവായിട്ടുണ്ട്. കൃത്യമായി ടി എസ്റ്റേറ്റിൽ എത്ര ഭൂമി ലഭ്യമാണ് എന്നത് സർവ്വേ പൂർത്തിയായാൽ മാത്രമേ റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളു.

അർഹരായ ഓരോ കുടുംബത്തിനും ഒരേക്കർ വീതം ഭൂമി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആദൂർ ഗ്വാളിമുഖ കാഷ്യൂ ഫാമുകൾ ജില്ലാ പഞ്ചായത്തിന് വിട്ടു നൽകണമെന്ന ഹർജി

99 [1108] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ സർക്കാരിന്റെ കീഴിലുള്ള ആദൂർ ഗ്വാളിമുഖ കാഷ്യൂ ഫാമുകൾ ജില്ലാ പഞ്ചായത്തിന് വിട്ടുനൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ ഫാമുകൾ ജില്ലാ പഞ്ചായത്തിന് കൈമാറണമെന്നാവശ്യപ്പെട്ട് ഹർജി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആദൂർ ഗ്വാളിമുഖ കാഷ്യൂ ഫാമുകൾ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല.

(ബി) ഹർജികളൊന്നും ലഭിച്ചിട്ടില്ലെന്ന് കൃഷി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

പാലിൽ വിഷാംശം കലർന്നതായ പരാതി

100 [1109] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ മിൽമ എത്ര ലിറ്റർ പാൽ സംഭരിക്കുന്നു എന്നും സ്വകാര്യ ഏജൻസികൾ എത്ര സംഭരിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) "മിൽമ" എത്ര പാൽ സംസ്ഥാനത്ത് വിപണനം നടത്തുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) "മിൽമ" എത്ര കിലോ/ലിറ്റർ പാൽപ്പൊടിയും പാലും ഏതെല്ലാം ഏജൻസികളിൽ നിന്നും, ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; ഇവയ്ക്ക് കിലോ/ലിറ്ററിന്റെ വാങ്ങുന്ന വില എത്രയാണ് എന്നതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്ത് മിൽമ ഉൾപ്പെടെ ഏതെല്ലാം പാൽ കമ്പനികളാണ് പാൽ വിതരണം നടത്തുന്നത്;

(എഫ്) അവയിൽ ഓരോന്നിലും എന്തെല്ലാം വിഷാംശങ്ങൾ അടങ്ങിയിരിക്കുന്നു എന്ന് ആരോഗ്യവകുപ്പുൾപ്പെടെ വിവിധ ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ജി) വിഷാംശങ്ങളടങ്ങിയ പാൽ വിതരണക്കാരെ നിയന്ത്രിക്കാൻ സർക്കാർ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(എച്ച്) സംസ്ഥാനത്ത് ഏറ്റവും വലിയ പാൽവിതരണ സ്ഥാപനമായ മിൽമയുടെ പാലിൽ എന്തെല്ലാം വിഷാംശങ്ങൾ, ഏതെല്ലാം കമ്പനിയുടെ പാൽപ്പൊടികൾ തുടങ്ങിയവ അടങ്ങിയിട്ടുണ്ട്; ഇത് ഒഴിവാക്കാനും ശുദ്ധമായ പാൽ നൽകുവാനുമായി മിൽമയും ക്ഷീര വികസന വകുപ്പും എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രതിദിനം ഉദ്ദേശം 79 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(ബി) മിൽമ ക്ഷീര കർഷകരിൽ നിന്ന് പ്രതിദിനം 6.90 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. സ്വകാര്യ ഏജൻസികളുടെ ഇപ്പോഴത്തെ സംഭരണത്തെ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

(സി) മിൽമ സംസ്ഥാനത്ത് പ്രതിദിനം 7.26 ലക്ഷം ലിറ്റർ പാൽ വിപണനം നടത്തുന്നുണ്ട്.

(ഡി) മിൽമ 2003 വർഷത്തിൽ കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീര ഫെഡറേഷനുകളിൽ നിന്നും 21,49,000 കിലോ (2149 മെട്രിക് ടൺ) പാൽപ്പൊടിയും 4,59,19,519 ലിറ്റർ പാലും വാങ്ങിയിട്ടുണ്ട്. ഒരു കിലോ പാൽപ്പൊടിക്ക് 95 രൂപ വിലയും പാലിന് കർണ്ണാടക മിൽക്ക് ഫെഡറേഷന് ഒരു കിലേയ്ക്ക് 10 രൂപ 25 പൈസയും തമിഴ്നാട് ഫെഡറേഷന് 9 രൂപ 60 പൈസയും നൽകുന്നുണ്ട്.

(ഇ) സംസ്ഥാനത്ത് മിൽമ ഉൾപ്പെടെ ഉദ്ദേശം 50 കമ്പനികൾ പാൽ വിതരണം നടത്തുന്നുണ്ട് പേരുകൾ അനുബന്ധമായി ചേർക്കുന്നു.†

(എഫ്) ഇല്ല.

(ജി) ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ ക്ഷീര വികസന വകുപ്പിൽ നിന്നും ഊർജ്ജിതമാക്കുന്നതോടൊപ്പം തന്നെ സംസ്ഥാന ആരോഗ്യവകുപ്പ് പി. എഫ്. എ. നിയമം കർശനമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽവച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) മിൽമയുടെ പാലിൽ വിഷാംശങ്ങൾ അടങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല, കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീര ഫെഡറേഷനുകളിൽ നിന്നും വാങ്ങുന്ന പാൽപ്പൊടി നിയമാനുസൃതമായി പാലിലെ എസ്. എൻ. എഫ്. നിലനിർത്തുന്നതിനുവേണ്ടി ചിലപ്പോൾ ചേർക്കാറുണ്ട്. പാലിന്റെ ഗുണമേൻമ മെച്ചപ്പെടുത്തുവാനായി ക്ഷീര വികസന വകുപ്പ് പ്രാഥമികസംഘം തലത്തിൽ 'ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം' നടത്തുകയും, മിൽമയും ഡയറികളിൽ പരിശോധന കാര്യക്ഷമവും കർശനമാക്കുകയും ചെയ്തിട്ടുണ്ട്.

മിൽമ നേരിടുന്ന പ്രതിസന്ധികൾ

101 [1110] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രതിദിനം ആവശ്യം വരുന്ന പാലിന്റെ അളവ് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(ബി) എത്ര ലിറ്റർ പാലാണ് മിൽമയുടെ വിതരണശൃംഖല വഴി വിറ്റഴിക്കപ്പെടുന്നത് എന്ന് അറിയിക്കാമോ;

(സി) ഡിസംബർ, ജനുവരി മാസങ്ങളിൽ മിൽമയുടെ പാൽ വിതരണത്തിൽ കുറവ് വന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ;

(ഇ) മിൽമ മേഖലായൂണിയനുകൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് പാൽ സംഭരിക്കുന്നുണ്ടോ;

(എഫ്) ഇത്തരം പാൽ സംഭരണത്തിലൂടെ ഉണ്ടാകുന്ന നഷ്ടം നികത്താൻ എം. എഫ്. എൽ., എൻ. ഡി. ഡി. ബി. എന്നീ സ്ഥാപനങ്ങൾ ധനസഹായം നൽകാറുണ്ടോ;

(ജി) മിൽമയും ഇതര സ്ഥാപനങ്ങളുമായി എത്തിച്ചേർന്ന ധാരണകളിൽ ഇത്തരം സഹകരണം ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നോ?

ഉത്തരം

(എ) പ്രതീശീർഷ ഉപഭോഗം 200 ഗ്രാം പാൽ എന്ന തോതിൽ കണക്കാക്കുകയാണെങ്കിൽ പ്രതിദിനം ഉദ്ദേശം 50 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്.

(ബി) പ്രതിദിനം 7.26 ലക്ഷം ലിറ്റർ പാലാണ് വിപണനം ചെയ്യുന്നത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly